CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ST. MARY'S CHURCH * KADAPLAMATTAM *
DIOCESE OF PALAI

# സീറോമലബാർ സഭയുടെ
# കുർബാനക്രമം

PRINTED AT THE
MAR THOMA SLEEHA PRESS,
ALWAYE — 1962

christianmusicologicalsocietyofindia.com

*IMPRIMATUR*

† Joseph Parecattil
*Archbishop of Ernakulam*

† Mathew Kavukatt
*Archbishop of Changanachery*

† George Alapat
*Bishop of Trichur*

† Thomas Tharayil
*Bishop of Kottayam*

† Sebastian Vayalil
*Bishop of Palai*

† Sebastian Vallopilly
*Bishop of Tellicherry*

† Mathew Pothanamuzhy
*Bishop of Kothamangalam*

*3rd July, 1962*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

✠

# കുർബാനക്രമം സംബന്ധിച്ചു പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. അപ്പവും വീഞ്ഞും ബലിപീഠത്തിന്റെ ഇരുവശങ്ങളിലുമുള്ള "ബേസ്ഗസാ" കളിലാണു തയാറാക്കേണ്ടതു്. "ബേസ്ഗസാ"കളില്ലെങ്കിൽ അവയ്ക്കു പകരം ചെറിയ മേശകൾ ഉപയോഗിക്കാം. അതും അസൗകര്യമെങ്കിൽ ബലിപീഠത്തിൽത്തന്നെ രണ്ടറ്റങ്ങളിലുമായി ഒരുക്കിയാൽ മതി. എന്നാൽ, ബലിപീഠം തീരെ ചെറുതായിരിക്കുകയോ ശുശ്രൂഷകന്മാർ വേണ്ടിടത്തോളം ഇല്ലാതിരിക്കുകയോ, മറ്റേതെങ്കിലും അസൗകര്യം നേരിടുകയോ ചെയ്താൽ ബലിപീഠത്തിന്റെ വലത്തുവശത്തുതന്നെ അപ്പവും വീഞ്ഞും ഒരുമിച്ചു തയാറാക്കാവുന്നതാണു്.

2. കുർബാനയ്ക്കു പുരോഹിതനെ സഹായിക്കുവാൻ രണ്ടു ശുശ്രൂഷകന്മാരെങ്കിലുമുള്ളപ്പോൾമാത്രം ധൂപകലശം ഉപയോഗിച്ചാൽ മതി. രണ്ടുപേരുള്ളപ്പോൾത്തന്നെയും മറ്റസൗകര്യങ്ങളുണ്ടെങ്കിൽ ഉപയോഗിക്കണമെന്നില്ല. ഉപയോഗിക്കുന്നില്ലെങ്കിൽ തത്സംബന്ധമായ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ഉപേക്ഷിക്കാം.

3. മദ്ബഹായുടേയും കെസ്ത്രോമ്മായുടേയും നടുവിലുള്ള വിരി (Sanctuary Veil) യുടെ ഉപയോഗവും തക്ക കാരണമുണ്ടെങ്കിൽ ഉപേക്ഷിക്കാവുന്നതാണു്.

4. കരങ്ങൾ 'വിടിർത്തിപ്പിടിക്കുക' അല്ലെങ്കിൽ 'വിരിച്ചു പിടിക്കുക' എന്നു് ഈ തക്സായിൽ കാണുമ്പോഴൊക്കെ പുരോഹിതൻ കൈകൾ രണ്ടും ശിരസ്സിനു മുകളിൽവരാതെയും കൈമുട്ടുകൾ ദേഹത്തോടു തൊട്ടുനില്ക്കാതെയും ഉള്ളംകൈകൾ മുകളിലേക്കു തുറന്നും പിടിക്കേണ്ടതാണു്.

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



5. 'ഗ്ഹാന്താ' പ്രാർത്ഥനകൾ ചൊല്ലുമ്പോഴൊക്കെ പുരോഹിതൻ അല്പം കുനിഞ്ഞു് കരങ്ങൾരണ്ടും ഉയർത്താതെ നേരേ മുമ്പോട്ടു യാചനാരൂപത്തിൽ നീട്ടി, ഉള്ളംകൈകൾ പകുതി അടച്ചുപിടിക്കുന്നു.

6. കരങ്ങൾ എങ്ങനെ പിടിക്കണമെന്നു പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിൽ ബലിപീഠത്തിന്മേൽ വയ്ക്കുകയോ നെഞ്ചോടു ചേർത്തു കോർത്തുപിടിക്കുകയോ താഴ്ത്തിയിടുകയോ ചെയ്യാം.

7. കാർമ്മികൻ തന്റെമേൽ കുരിശുവരയ്ക്കുമ്പോൾ വലത്തു കൈയ് ആദ്യം നെററിയിലും അതിനുശേഷം നെഞ്ചിലും വയ്ക്കുകയും പിന്നീടു് വലത്തേ ഉരത്തിലേക്കും അവിടെനിന്നു് ഇടത്തേ ഉരത്തിലേക്കും കൊണ്ടുവരുകയും ചെയ്യുന്നു.

8. "കർത്താവേ, കർത്താവേ,...." എന്നാരംഭിക്കുന്ന (പേജ് 27) 'കുശാപ്പാ'യ്ക്കുമാത്രം പുരോഹിതനും ശുശ്രൂഷകന്മാരും മുട്ടുകുത്തുന്നു.

9. എംഗർത്താ വായിക്കാൻ ശുശ്രൂഷകനില്ലെങ്കിൽ പുരോഹിതൻതന്നെ കെസ്ത്രോമ്മായുടെ വലത്തുവശത്തു ജനങ്ങളുടെ നേരേ തിരിഞ്ഞുനിന്നു വായിക്കേണ്ടതാണു്.

10. വായനകൾക്കു പ്രത്യേകം പുസ്തകങ്ങളുള്ളതുകൊണ്ടു് തക്സാ എപ്പോഴും പുരോഹിതന്റെ വലത്തുഭാഗത്തു ബലിപീഠത്തിന്മേൽ ഉണ്ടായിരിക്കണം. ഏവൻഗലിയോൻവായനയ്ക്കുള്ള പുസ്തകം ബലിപീഠത്തിന്റെ വലത്തുവശത്തു വച്ചിരിക്കണം.

11. രണ്ടു സാദൃശ്യങ്ങളിലും വെവ്വേറെ ദിവ്യകാരുണ്യം നല്കുന്നതിനുള്ള ക്രമമാണ് ഈ തക്സായിൽ സുറിയാനിയിൽ കൊടുത്തിട്ടുള്ളതു്. എന്നാൽ, രണ്ടു സാദൃശ്യങ്ങളിൽ ഒരുമിച്ചോ അപ്പത്തിന്റെ സാദൃശ്യത്തിൽ തനിച്ചോ വി. കുർബാന നല്കുകയാണെങ്കിൽ താഴെപ്പറയുന്ന ക്രമം ആചരിക്കേണ്ടതാണു്.

a) രണ്ടു സാദൃശ്യങ്ങളിലും ഒരുമിച്ചു നല്കുമ്പോൾ: പുരോഹിതൻ തിരുരക്തം ഉൾക്കൊണ്ടു് ആചാരംചെയ്തതിനുശേഷം, നമ്മെ ജീവിപ്പിക്കുന്നവനായ നമ്മുടെ കർത്താവീശോമിശിഹായുടെ കൃപാവരം കരുണാപൂർവ്വം നാമെല്ലാവരിലും സമ്പൂർണ്ണമാ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**ക്കപ്പെടട്ടെ** എന്നു ചൊല്ലി ജനങ്ങളെ ആശീവ്വദിക്കുന്നു. വീണ്ടും ആചാരം ചെയ്തതിനുശേഷം ഇടത്തുകൈകൊണ്ടു് ഉരുളിൽ മുറുകെപ്പിടിച്ച കാസാ എടുക്കുകയും ഇടത്തുകൈയിൽത്തന്നെ തള്ളവിരലും നടുവിരലും കൂട്ടിച്ചേർത്തു പീലാസാ പിടിക്കുകയും ചെയ്യുന്നു. അതിനുശേഷം 'കൻകേ'യുടെ കവാടത്തിങ്കൽ ചെന്നു്, കുർബാനസ്വീകരിക്കുവാൻ സമീപിക്കുന്നവക്കു് വലത്തുകൈകൊണ്ടു തിരുവോസ്തിയെടുത്തു കാസായിൽ അവശേഷിച്ചിട്ടുള്ള തിരുരക്തത്തിൽ മുക്കി താഴെവരുന്ന പ്രാത്ഥന ചൊല്ലിക്കൊണ്ടു കൊടുക്കുന്നു: **"നമ്മുടെ കത്താവീശോമിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ മോചനത്തിനായിബ്ഭവിക്കട്ടെ".**

b) അപ്പത്തിന്റെ മാത്രം സാദൃശ്യത്തിൽ നല്കുമ്പോൾ: 40-ാംപേജിൽ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച തിരുരക്തത്തിൽ മുക്കിയ തിരുവോസ്തിയുടെ ഭാഗംകൊണ്ടു പീലാസായിലുള്ള ഭാഗത്തിന്മേൽ വരച്ചതിനുശേഷം അതുകൊണ്ടുതന്നെ അതേ കുർബാനയിൽ കൂദാശചെയ്യപ്പെട്ട ചെറിയ തിരുവോസ്തികളിന്മേലും ഒന്നാകെ വരയ്ക്കുന്നു (സക്രാരിക്കുള്ളിലുള്ള തിരുവോസ്തികൾ പുറത്തെടുത്തു് ഇപ്രകാരം വരയ്ക്കേണ്ടതില്ല). പുരോഹിതൻ തിരുരക്തം ഉൾക്കൊണ്ടുകഴിഞ്ഞാലുടനെ ആചാരംചെയ്തു് **നമ്മെ ജീവിപ്പിക്കുന്നവനായ** എന്നു തുടങ്ങുന്ന പ്രാത്ഥനചൊല്ലി ജനങ്ങളെ ആശീവ്വദിക്കുന്നു. വീണ്ടും ആചാരംചെയ്തതിനുശേഷം 'കൻകേ'യുടെ കവാടത്തിങ്കൽ ചെന്നു്, കുർബാനസ്വീകരിക്കുവാൻ സമീപിക്കുന്നവക്കു തിരുവോസ്തി തിരുരക്തത്തിൽ മുക്കാതെ നല്കുന്നു. ഇപ്രകാരം തിരുവോസ്തിമാത്രം നല്കുമ്പോഴും **"നമ്മുടെ കത്താവീശോമിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ മോചനത്തിനായിബ്ഭവിക്കട്ടെ"** എന്നു ചൊല്ലേണ്ടതാണു്.

12. ഈ തക്സായിൽ **'ഉത്തരം'** എന്നു കാണുന്നതൊക്കെ വിശ്വാസികൾ ചൊല്ലേണ്ട പ്രാത്ഥനകളാണു്. വിശ്വാസികൾ ചൊല്ലാത്തപ്പോൾ ശുശ്രൂഷകനാണു് അവയെല്ലാം ചൊല്ലേണ്ടതു്. വിശ്വാസികൾ പ്രത്യുത്തരിക്കേണ്ട പ്രാത്ഥനകളെല്ലാം

christianmusicologicalsocietyofindia.com

പുരോഹിതൻ ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

13. നമ്മുടെ കർത്താവിന്റെ തിരുനാളുകളാണ് സാധാരണ 'മാറാനായത്തിരുനാളുകൾ' എന്ന പേരിൽ അറിയപ്പെടുന്നത്. എന്നാൽ, വളരെ പ്രാധാന്യമേറിയ മററു തിരുനാളുകൾക്കും ഈ പേരു നല്കാറുണ്ട്. വിശുദ്ധരുടെ ഓർമ്മ സാധാരണരീതിയിൽ കൊണ്ടാടപ്പെടുന്ന ദിവസങ്ങൾ 'ദുക്റാനകൾ' എന്നും ആഡംബരപൂർവ്വം ആചരിക്കപ്പെടുന്ന ദിവസങ്ങൾ 'ഏദേ' അഥവാ തിരുനാളുകൾ എന്നും വിളിക്കപ്പെടുന്നു. ഒരുവിശുദ്ധന്റേയും ഓർമ്മ ആചരിക്കപ്പെടാത്തവയാണ് 'സാധാരണദിവസങ്ങൾ'.

14. ദൈവാലയം പടിഞ്ഞാറോട്ടു ദർശനമായി പണികഴിപ്പിച്ചിട്ടുള്ളതാണ് എന്ന സങ്കല്പത്തിലാണ് മദ്ബഹായുടെ അല്ലെങ്കിൽ ബലിപീഠത്തിന്റെ വടക്കുവശം എന്നു തക്സായിൽ കൊടുത്തിട്ടുള്ളത്. മറേറതെങ്കിലും ദിക്കിലേക്കാണ് ദർശനമെങ്കിൽത്തന്നെയും മദ്ബഹായുടെ അല്ലെങ്കിൽ ബലിപീഠത്തിന്റെ വലത്തുവശം, വടക്കുവശമായി പരിഗണിക്കണം.

christianmusicologicalsocietyofindia.com